PENCIL GROUP....
[A Totally academic group for std 3]

# മലയാളം യൂണിറ്റ് ടെസ്റ്റ്
## കനകച്ചിലങ്ക

ആകെ പോയിന്റ് : 15

☆ പ്രവർത്തനം : 1 1

കാക്കിരി പൂക്കിരി എന്ന കവിത എഴുതിയതാര് ?

☆ വരികൾ കൂട്ടിച്ചേർക്കൂ 4

**തിന്താരോ തക പാട്ടിന് തുടർച്ചയായി ചില വരികൾ കണ്ടെത്താമോ?**

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.
തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.

ഒന്നാനമ്മസ്സും മക്കൾക്കുമാടാൻ
രണ്ടാം കുന്നിന്മേലൂഞ്ഞാല്.
രണ്ടാനമ്മസ്സും മക്കൾക്കും ചൂടാൻ
മൂന്നാം കാവിലെ മുല്ലപ്പൂ.

മൂന്നാനമ്മസ്സും മക്കൾക്കും ചാർത്താൻ
നാലാംകാട്ടിലെ പൊന്മാല.
നാലാനമ്മസ്സും മക്കൾക്കും ചുറ്റാൻ
അഞ്ചാം ചെമ്മുകിൽ പൂഞ്ചേല.

----------------------------------------
----------------------------------------
----------------------------------------
----------------------------------------

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.
തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.

## പ്രവർത്തനം : 2

കള്ളിയിൽ ഒളിഞ്ഞിരിക്കുന്ന രണ്ട് പഴഞ്ചൊല്ലുകൾ കണ്ടെത്തി എഴുതുക. 2

| | | |
|---|---|---|
| അരിയെറിഞ്ഞാൽ | തന്നെ | കാക്ക |
| ഒരുമ | ആയിരം | പെരുമ |

താഴെ കൊടുത്തിരിക്കുന്ന കടങ്കഥകളുടെ ഉത്തരമെഴുതൂ. 1

മാനത്ത് തീയും പുകയും ചൂടുമില്ലാത്ത തീക്കനൽ

ഞാനൊരു വണ്ടി, നീളൻ വണ്ടി
പെട്ടികളനവധിയുള്ളൊരു വണ്ടി
ആളുകളനവധിയുള്ളൊരു വണ്ടി
ഞാനാരാണെന്നറിയാമോ? 1

ഇട്ടിപ്പെണ്ണിനു കട്ടിലു പോയി
നെട്ടിപ്പെണ്ണിനു പെട്ടികൾ പോയി
ഈ വരികൾ ആരുടേതാണ് ? 1

## പ്രവർത്തനം : 3

താഴെ കൊടുത്തിരിക്കുന്ന വിവരണം വായിക്കൂ.

വീരമല കാട്ടിൽ നടക്കുന്ന ഓട്ടമത്സരത്തിന് ചിന്നുമുയലും പൊങ്ങൻ കരടിയും ചിമ്പനെലിയുമെല്ലാം നല്ല തയ്യാറെടുപ്പിലാണ്. ഇപ്പോൾ നടക്കുന്നത് 100 മീറ്റർ ഓട്ട മത്സരമാണ്. ചെമ്പൻ കുറുക്കനാണ് മൈക്കിലൂടെ അപ്പപ്പോൾ വിളിച്ചു പറഞ്ഞു കൊണ്ടിരിക്കുന്നത്. മിന്നുത്താറാവ് വിസിൽ മുഴക്കി. എല്ലാവരും മുന്നോട്ട് വാശിയോടെ കുതിക്കുകയാണ്. ഇപ്പോൾ പതിനഞ്ചാം നമ്പർ കിട്ടുമാനാണ് മുമ്പിൽ. തൊട്ടു പിറകെ പൊങ്ങൻ കരടി. കുട്ടൻ ആടാണ് ഏറ്റവും പിറകിൽ. ഹരം കയറിയ കാണികൾ മത്സരാർഥികൾക്ക് ആവേശം നൽകിക്കൊണ്ട് കൈയടിച്ച് പ്രോത്സാഹിപ്പിച്ചു.

ഇനി താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ വായിച്ച് ഉത്തരമെഴുതൂ.

5

1. വീരമല കാട്ടിൽ ഇപ്പോൾ നടക്കുന്ന മത്സരം ഏത് ?

2. വിസിൽ മുഴക്കി മത്സരം നിയന്ത്രിച്ചതാര് ?

3. മൈക്കിലൂടെ വിളിച്ചു പറഞ്ഞു കൊണ്ടിരിക്കുന്നതാര് ?

4. ആരാണ് ഏറ്റവും പിറകിലെത്തിയത് ?

5. മത്സരാർഥികൾക്ക് ആവേശം നൽകിക്കൊണ്ട് കൈയടിച്ച് പ്രോൽസാഹിപ്പിച്ചതാര്?